മുഖ്യമന്ത്രിക്കും മന്ത്രിസഭയിലെ അംഗങ്ങൾക്കും എതിരായ അന്വേഷണം

252 (2125) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ മുഖ്യമന്ത്രിക്കും, മന്ത്രിസഭയിലെ അംഗങ്ങൾക്കും എതിരായി വന്ന ഏതെല്ലാം വെളിപ്പെടുത്തലുകളിൽ കോടതി നിർദ്ദേശപ്രകാരവും, സർക്കാർ നേരിട്ടും ഏതെല്ലാം ഏജൻസികളെക്കൊണ്ട് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) ഓരോ അന്വേഷണവും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വെളിപ്പെടുത്തലുകളെ ആസ്പദമാക്കി അന്വേഷണം നടത്തുന്നില്ല.

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ

253 (2126) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ജനുവരി മുതൽ നവംബർ വരെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 12706 അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

അന്ധവിശ്വാസത്തിന്റെ പേരിലുള്ള പീഡനവും അക്രമങ്ങളും

254 (2127) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസത്തിന്റെ പേരിലുള്ള പീഡനത്തിനും ആക്രമണത്തിനും ഇരയാവുന്നത് സ്ത്രീകളാണെന്നുള്ള വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം സാമൂഹ്യവിപത്ത് തടയുന്നതിന് നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly